## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3863

19.03.2018–ന് മറുപടിയ്ക്ക്

## അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂളിന് എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ വിട്ടുകിട്ടിയിട്ടുള്ളത്; ഇവിടെ ഇപ്പോൾ എത്ര ക്ലാസ്സ് വരെയാണ് ഉള്ളത്; എത്ര കുട്ടികളാണ് ഉള്ളത്; ഇവരെ പഠിപ്പിക്കുന്നതിനായും അദ്ധ്യാപകർക്കായും എന്തൊക്കെ സൗകര്യങ്ങളാണ് ഇവിടെയുള്ളത് ; വിശദമാക്കാമോ ; | (എ) അട്ടത്തോട് ഗവൺമെന്റ് ട്രൈബൽ സ്കൂളിനായി 0.50 ഹെക്ടർ വനഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്കൂളിൽ ഒന്നുമുതൽ നാലാം ക്ലാസ് വരെയുള്ള പഠനമാണ് നിലവിലുള്ളത്. പ്രസ്തുത ക്ലാസുകളിൽ ആകെ 59 കുട്ടികളും കൂടാതെ നാലാം ക്ലാസിൽ നിന്നും വിജയിച്ച് ടിസി വാങ്ങാതെ തുടരുന്ന 8 കുട്ടികളും ഇപ്പോഴുണ്ട്. കുട്ടികൾക്ക് ട്രൈബൽ വകുപ്പ് പ്രഭാത ഭക്ഷണവും വിദ്യാഭ്യാസ വകുപ്പിന്റെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഉച്ചഭക്ഷണവും നൽകിവരുന്നു. കൂടാതെ ട്രൈബൽ വകുപ്പ് കുട്ടികൾക്ക് സ്കൂളുകളിൽ എത്തുന്നതിന് വാഹന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വിട്ടുകിട്ടിയ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടെയുള്ള ക്ലാസ് മുറികളും മറ്റും നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുതിയ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്താൻ | (ബി) & (സി) പ്രസ്തുത സ്ഥലത്ത് ടി സ്കൂളിനായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

എന്തൊക്കെ നടപടികൾ
സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിദ്യാഭ്യാസ വകുപ്പ് കെട്ടിട
നിർമ്മാണത്തിന് പണം
ലഭ്യമാക്കുന്നില്ലെങ്കിൽ ആദിവാസി
കുട്ടികൾ പഠിക്കുന്ന ആദിവാസി
മേഖലയിലെ സ്കൂൾ എന്ന
നിലയിൽ പട്ടിക വർഗ്ഗ
വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിടം
നിർമ്മിക്കാൻ നടപടി
സ്വീകരിക്കുമോ; വിശദമാക്കാമോ?

സെക്ഷൻ ഓഫീസർ